നമ്പർ. സി.പി(6)19267/2013

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 05.11.2013
Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

# സർക്കുലർ നമ്പർ.74/13

വിഷയം : സഹകരണ വകുപ്പ് - 'കർഷക സേവന കേന്ദ്രം' - പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : സർക്കാരിന്റെ 28.01.2013 ലെ ജി.ഒ.(ആർ.റ്റി)44/2013/സഹ നമ്പർ ഉത്തരവ്.

................

2012-2013 വർഷത്തെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി 'കർഷക സേവന കേന്ദ്രം' പദ്ധതി നടപ്പാക്കുന്നതിനുള്ള സർക്കാർ തീരുമാനപ്രകാരം, സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 40 ബ്ലോക്കുകളിലെ 40 സർവ്വീസ് സഹകരണ സംഘങ്ങളെ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും 2012-2013 വാർഷിക ബഡ്ജറ്റിൽ പദ്ധതിയുടെ നടത്തിപ്പിനായി 10 കോടിരൂപ അനുവദിക്കുകയുംചെയ്തിരുന്നു. സംസ്ഥാനത്തെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് കർഷക സേവന കേന്ദ്രം പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷികപ്രവർത്തനങ്ങൾ ബ്ലോക്ക്തലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്,വളം,കീടനാശിനി എന്നിവലഭ്യമാക്കുക, ഉപകരണങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുക. കർഷകർക്കാവശ്യമായ കാർഷികോപകരണങ്ങൾ ലഭ്യമാക്കുക, ആധുനിക രീതിയിൽ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് കർഷകർക്ക് പരിശീലനവും നിർദ്ദേശവും നൽകുക, പവ്വർടില്ലർ, ട്രാക്ടർ, സ്പ്രേയർ തുടങ്ങി കർഷകർക്കാവശ്യമായ ഉപകരണങ്ങളുടെ റിപ്പയർജോലികൾ, സ്പെയർപാർട്സുകൾ ലഭ്യമാക്കുക, സംസ്ഥാന യുവജനക്ഷേമ വകുപ്പുമായിചേർന്ന് യുവജനങ്ങൾക്ക് പരിശീലനം നൽകുക, കാർഷിക വിളകളുടെ വിൽപ്പനയ്ക്ക് മികച്ച സംവിധാനം ഏർപ്പെടുത്തുക, നബാർഡ്,എൻ.സി.ഡി.സി,സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഏജൻസിയായി പ്രവർത്തിക്കുക, കാർഷിക വായ്പകൾ, സബ്സിഡി തുടങ്ങിയ സാമ്പത്തിക സഹായങ്ങളെപ്പറ്റി അറിവ് നൽകുക, വിവരസാങ്കേതിക

വിദ്യഉപയോഗിച്ച് അറിവ് നൽകുക. തുടങ്ങി കാർഷികമേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുകയും കൈകാര്യം ചെയ്യുകയും, കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് സഹായകരമായി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയുമാണ് കർഷക സേവന കേന്ദ്രങ്ങളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

40 ബ്ലോക്കുകളിലായി അനുവദിച്ചിട്ടുള്ള 40 കർഷക സേവന കേന്ദ്രങ്ങൾക്ക് ഓരോന്നിനും പരമാവധി 25 ലക്ഷം രൂപ (16.65 ലക്ഷം ഷെയർ, 8.35 ലക്ഷം സബ്സിഡി) ധന സഹായം അനുവദിച്ചിട്ടുണ്ട്. ഫാർമേഴ്സ്സർവ്വീസ്സെന്റർ പ്രവർത്തിക്കുന്ന സംഘത്തിലെ ഒരു സീനിയർ ആഫീസർക്ക് സെന്ററിന്റെ ചുമതല നൽകാവുന്നതാണ്. ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ധ്യം നേടിയ 5 പേർ ഉൾപ്പെടെ കുറഞ്ഞത് 25 അംഗങ്ങൾ ഉള്ള ഒരു തൊഴിൽ സേനയും രൂപീകരിയ്ക്കാവുന്നതാണ്. ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദം/ഡിപ്ലോമ യുള്ളവർ, കൃഷിവകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ, പരിധിയിലെ മെക്കാനിയ്ക്കൽ എഞ്ചിനീയർമാർ മറ്റ് കാർഷികപരിജ്ഞാനം ഉള്ളവർ, തുടങ്ങിയവരെ ഉൾപ്പെടുത്തി 'മികവ്' എന്ന ഗ്രൂപ്പ് രൂപീകരിച്ച് കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, റെയ്ഡ്കോ മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടെ സെന്ററിന്റെ നടത്തിപ്പിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനും സംഘങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ചുവടെ ചേർക്കും പ്രകാരം ബ്ലോക്ക് തലത്തിലും, സംസ്ഥാന തലത്തിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

1. <u>ഫാർമേഴ്സ് സർവ്വീസ് സെന്റർ - മോണിറ്ററിംഗ് കമ്മിറ്റി</u>

| | |
|---|---|
| 1. President, Block Panchayath | - Chairman |
| 2. President of the Service Co-operative Bank | - Co-Chairman |
| 3. President, Grama Panchayaths | - Vice Chairmen |

## 1. Members

| | | |
|---|---|---|
| 1. Presidents of Grama Panchayaths within the Block | - | Members |
| 2. Board Member of the SCB nominated by the President of the SCB, running FSC | - | Member |
| 3. Other Service Co-operative Bank Presidents in the Block | - | Member |
| 4. Assistant Director of Agriculture | - | Member |
| 5. Block Development Officer | - | Member |

6. Agricultural Officers, Krishi Bhavan (within the Block) - Member
7. Unit Inspector of Service Co-operative Bank - Member
8. Secretary of the society - Member
9. Assistant Registrar (General) - **Convenor**

2. **State Level Review Committee**

1. **Secretary, Co-operation Department - Chairman**
2. **Director of Agriculture - Member**
3. **Chief ( Planning Board) - Member**
4. **Presidents of PACS, establishing FSC - Member**
5. **Registrar of Co-operative Societies - Convenor**

ജോയിന്റ് രജിസ്ട്രാർ ആഫീസിലെ പ്ലാനിംഗ് വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ, ഈ പദ്ധതിയുടെ ജില്ലാതല കോ-ഓർഡിനേറ്ററായിരിക്കും. ടിയാൻ ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും, ജോയിന്റ് രജിസ്ട്രാർ, താലൂക്ക് തലത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർമാർ, ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലത്തിലെ ബന്ധപ്പെട്ട പ്രസിഡന്റുമാർ, സെക്രട്ടറിമാർ, സംഘം പ്രസിഡന്റ്/സെക്രട്ടറി എന്നിവരുമായി ബന്ധപ്പെടുകയും, ടി സെന്ററിന്റെ പ്രവർത്തനം പദ്ധതി പ്രകാരം നടക്കുന്നു എന്ന് വിലയിരുത്തി ബന്ധപ്പെട്ടവർക്ക് റിപ്പോർട്ടുകൾ നൽകേണ്ടതുമാണ്.

ഒപ്പ്
കെ.വി.സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ് :
1. ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ്
2. ഗവൺമെന്റ് സെക്രട്ടറി, കേരള നിയമസഭ
3. ഡയറക്ടർ, കൃഷി വകുപ്പ്
4. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
5. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
6. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
7. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8. മാനേജിംഗ് ഡയറക്ടർ,
   കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്.
9. എല്ലാ ജനറൽ മാനേജർമാർക്കും , ജില്ലാ സഹകരണ ബാങ്ക്.

10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)

11. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖാന്തിരം)

12.. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)

13.. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും

14. വെബ്സൈറ്റ്

15. സ്റ്റോക്ക് ഫയൽ

16 സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)